## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3024

13.03.2018 ലെ മറുപടിക്ക്

## കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം

ചോദ്യം

ശ്രീ.പി.ഉബൈദുള്ള
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം 2008 നിലവിൽ വന്ന 12.08.2008-ന മുമ്പേ നികത്തപ്പെട്ടതും 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ നികത്തുഭൂമി (Reclaimed land) എന്ന് ഉത്തരവാകുകയും ചെയ്ത ഭൂമിയിൽ, റവന്യൂ രേഖകളിൽ അല്ലെങ്കിൽ BTR പ്രകാരം ഇപ്പോഴും നിലം, വയൽ, നഞ്ച എന്ന് രേഖപ്പെടുത്തിയെന്ന കാരണങ്ങളാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും കൈവശ ഗണത്തിൽപ്പെട്ട കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ? വിശദാംശം നൽകുമോ?

ഉത്തരം

ശ്രീ.കെ.റ്റി.ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

ഭാഗികമായി തടസ്സങ്ങളുണ്ട്. ബി.ടി.ആർ.-ൽ നിലമായി ഉൾപ്പെട്ടിട്ടുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ (10 സെന്റ്) വിസ്തൃതിയുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ച.മീ. വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ (5 സെന്റ്) വിസ്തൃതിയുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ച.മീറ്റർ വിസ്തൃതിയുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിൽ (വകുപ്പ് 27 എ) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതലുള്ള ക്രമീകരണങ്ങൾക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണ്.

സെക്ഷൻ ഓഫീസർ